വി. ദിനകരന് അന്താരാഷ്ട്ര പുരസ്കാരം

കൊച്ചി: ദേശീയ - അന്തർദേശീയ എൻ.ജി.ഒ സംഘടനയായ ഇന്ത്യ ഇന്റർനാഷണൽ ഫ്രണ്ട്ഷിപ്പ് സൊസൈറ്റി ഏർപ്പെടുത്തിയ ഗ്ലോറി ഒഫ് ഇന്ത്യ അവാർഡിന് ധീവരസഭ സംസ്ഥാന ജനറൽസെക്രട്ടറി വി. ദിനകരൻ അർഹനായി. പുരസ്കാരവും പ്രശസ്തിപത്രവുമടങ്ങുന്ന അവാർഡ് മേയ് നാലിന് വൈകിട്ട് 6.30ന് ബാങ്കോംഗിലെ ഹോട്ടൽ ഹോളിഡേ ഇന്നിൽ തായ്‌ലൻഡ് മുൻ ഡെപ്യൂട്ടി പ്രധാനമന്ത്രി എച്ച്.ഇ. കോം ഡബറാൻസി സമ്മാനിക്കും. വിവിധ മേഖലകളിലെ പ്രവർത്തന മികവിനാണ് പുരസ്കാരം. ഈ സംഘടനയുടെ ഭാരത് ജ്യോതി അവാർഡിന് ദിനകരൻ മുമ്പ് അർഹനായിരുന്നു.

സമരം നടത്തിയാൽ അച്ചടക്കനടപടി: ഹോസ്പിറ്റൽ അസോ.

കൊച്ചി: യുണൈറ്റഡ് നഴ്സസ് അസോസിയേഷൻ (യു.എൻ.എ) സംസ്ഥാന വ്യാപകമായി സ്വകാര്യ ആശുപത്രികളിൽ ഇന്ന് പ്രഖ്യാപിച്ചിരിക്കുന്ന സമരത്തിൽ പങ്കെടുക്കുന്നവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമെന്ന് കേരള പ്രൈവറ്റ് ഹോസ്പിറ്റൽ അസോസിയേഷൻ (കെ.പി.എച്ച്.എ) ഭാരവാഹികൾ പത്രസമ്മേളനത്തിൽ അറിയിച്ചു. തൊഴിൽ നിയമമനുസരിച്ച് 14 ദിവസം മുമ്പേ നോട്ടീസ് നൽകണം. 24 മുതൽ 48 മണിക്കൂറിനുള്ളിൽ മാത്രമാണ് സമരത്തെക്കുറിച്ച് അറിയിച്ചത്. മണിക്കൂറുകൾക്കുള്ളിൽ സമരമെന്ന് പറഞ്ഞ് ഐ.സി.യുവിൽ നിന്ന് നഴ്സുമാർ ഇറങ്ങിപ്പോയാൽ ആശുപത്രികൾ പ്രതിസന്ധിയിലാകും. യു.എൻ.എ നിയമാനുസൃതമല്ലാതെ സമരം പ്രഖ്യാപിച്ചത് ഹൈക്കോടതി വിധിയുടെ ലംഘനമാണെന്നും അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ഡോ. മുഹമ്മദ് റഷീദ്, ആക്ഷൻ കമ്മിറ്റി കൺവീനർ ഫർഹാൻ യാസിൻ എന്നിവർ പറഞ്ഞു.

നഴ്സുമാരുടെ സമരം നിരോധിക്കണമെന്ന് ഹർജി

കൊച്ചി: സ്വകാര്യ ആശുപത്രിയിലെ നഴ്സുമാർ യുണൈറ്റഡ് നഴ്സസ് അസോസിയേഷന്റെ നേതൃത്വത്തിൽ ഇന്ന് നടത്താൻ നിശ്ചയിച്ച സമരം തടയണമെന്നാവശ്യപ്പെട്ട് തിരുവനന്തപുരത്തെ ആക്കുളം കേന്ദ്രമായി പ്രവർത്തിക്കുന്ന ഫോറം ഫോർ സോഷ്യൽ ജസ്റ്റിസ് എന്ന സംഘടന ഹൈക്കോടതിയിൽ ഹർജി നൽകി. ഇന്ന് ഹർജി പരിഗണിച്ചേക്കും.

തിരുവനന്തപുരം പ്രസ് ക്ലബ് ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ജേർണലിസം നടത്തിയ കണ്ടൻസ്ഡ് ഡിപ്ലോമ ഇൻ ജേർണലിസം പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ശില്പ യു.എം.

ആറ് മെഡി. കോളേജുകളിൽ ഓട്ടിസം സെന്റർ ഉടൻ

KAUMUDI SPECIAL

കെ.എസ്. അരവിന്ദ്

തിരുവനന്തപുരം: ഓട്ടിസം ബാധിച്ച കുട്ടികൾക്ക് സൗജന്യമായി വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കാൻ സംസ്ഥാനത്തെ ആറ് മെഡിക്കൽ കോളേജ് ആശുപത്രികളിൽ രണ്ടുമാസത്തിനകം ഓട്ടിസം കേന്ദ്രങ്ങൾ ആരംഭിക്കും. ഇതിന്റെ പ്രാരംഭ നടപടികൾ തുടങ്ങി. തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, കോട്ടയം, തൃശൂർ, മഞ്ചേരി മെഡിക്കൽ കോളേജുകളിലാണ് ആരോഗ്യവകുപ്പ്, സാമൂഹ്യ സുരക്ഷാമിഷനിലൂടെ ഓട്ടിസം പദ്ധതി നടപ്പാക്കുന്നത്. ആദ്യം നൽകിയ രണ്ട് കോടി ഉൾപ്പെടെ 6 കോടി രൂപ ഇതിനായി അനുവദിച്ചിട്ടുണ്ട്. മുതിർന്ന ശിശുരോഗ വിദഗ്ദ്ധനായിരിക്കും നോഡൽ ഓഫീസർ. ഫിസിഷ്യൻ, മനോരോഗ വിദഗ്ദ്ധൻ എന്നിവരുടെ സേവനവും ലഭ്യമാക്കും. കുട്ടികളുടെ പരിചരണത്തിനായി ഒരു സെന്ററിൽ 7 തെറാപ്പിസ്റ്റുകളുമുണ്ടാകും. നേരത്തേ രോഗം കണ്ടെത്തുകയും പരിചരിക്കുകയുമാണ് ലക്ഷ്യം. മരുന്നുകൾ സൗജന്യമായി ലഭ്യമാക്കും. 2015-16 കാലയളവിൽ സാമൂഹ്യ സുരക്ഷാ മിഷൻ നടത്തിയ ഡിസ്എബിലിറ്റി സർവേ പ്രകാരം സംസ്ഥാനത്ത് 8539 ഓട്ടിസം ബാധിതരായ കുട്ടികൾ ഉണ്ടെന്നാണ് കണക്ക്.

ഓട്ടിസം ബാധിച്ചാൽ...

- കൈകളും ശരീരഭാഗങ്ങളും പ്രത്യേക രീതിയിൽ ചലിപ്പിക്കുക
- പ്രത്യേകതരം ശബ്ദങ്ങളും പ്രയോഗങ്ങളും ആവർത്തിക്കുക
- യാതൊരു പ്രകോപനവുമില്ലാതെ മറ്റുള്ളവരെ ഉപദ്രവിക്കുക
- ആശ്ലേഷണം, ലാളന തുടങ്ങിയവ ഇഷ്ടപ്പെടാതിരിക്കുക
- ചിലർക്ക് പഠനവൈകല്യവും ബുദ്ധിക്കുറവും ഉണ്ടാകും
- മറ്റു ചിലർക്ക് സവിശേഷമായ ചില കഴിവുകളുണ്ടായിരിക്കും

ഇവിടെ പരിചരണം...

- കുട്ടികൾക്ക് ചികിത്സ, പരിപാലനം. രക്ഷിതാക്കൾക്ക് അവബോധവും പരിശീലനവും
- കുട്ടികൾക്ക് സ്വയം കാര്യങ്ങൾ നിർവഹിക്കാൻ കഴിയും വിധത്തിലുള്ള പരിശീലനം
- ഇതിനായി വെർച്വൽ റിഹാബിലിറ്റേഷൻ സംവിധാനം ഒരുക്കും
- കുട്ടികൾക്ക് അനുയോജ്യമായ തരത്തിൽ പഠനസൗകര്യങ്ങൾ ലഭ്യമാക്കും
- ഓട്ടിസം ബോധവത്കരണ കേന്ദ്രമായും സെന്ററുകളെ മാറ്റും

> ഓട്ടിസം ചികിത്സാ - പരിപാലന രംഗത്ത് ലോകത്തുള്ള ഏറ്റവും മികച്ച മാതൃകയാകും സംസ്ഥാനത്തെ ഓട്ടിസം കേന്ദ്രങ്ങൾ സ്വീകരിക്കുന്നത്. ഇതിനാവശ്യമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.
>
> ഡോ. മുഹമ്മദ് അഷീൽ
> എക്സിക്യൂട്ടീവ് ഡയറക്ടർ
> സാമൂഹ്യസുരക്ഷാ മിഷൻ

ഏകദിന പരിശീലനം

ആറ് മെഡിക്കൽ കോളേജുകളിൽ നിന്ന് തിരഞ്ഞെടുത്ത ഡോക്ടർമാർ, തെറാപ്പിസ്റ്റുമാർ എന്നിവർക്ക് 18ന് ആസ്റ്റേലിയയിലെ സീനിയർ ഓട്ടിസം കൺസൾട്ടന്റ് ഡോ. വത്സ ഈപ്പൻ ഏകദിന പരിശീലനം നൽകും. 40 പേർക്കാണ് ആദ്യഘട്ട പരിശീലനം. ഇവരെ ഒരാഴ്ചത്തെ വിദഗ്ദ്ധ പരിശീലനത്തിനായി ഈ മാസം അവസാനം വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിലേക്ക് അയയ്ക്കും.

തിരുവനന്തപുരം നിശാഗന്ധിയിൽ നടന്ന സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ സുവർണ ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു. മന്ത്രി ഡോ. ടി. എം. തോമസ് ഐസക്ക്, മേയർ വി. കെ. പ്രശാന്ത്, നികുതി വകുപ്പ് സെക്രട്ടറി മിൻഹാജ് ആലം, ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ എസ്. ഷാനവാസ്, ഭാഗ്യക്കുറി ക്ഷേമ ബോർഡ് ചെയർമാൻ പി. ആർ. ജയപ്രകാശ്, കൗൺസിലർ പാളയം രാജൻ എന്നിവർ സമീപം

സംസ്ഥാനലോട്ടറിയുടെ വരുമാനം ആരോഗ്യരക്ഷാപദ്ധതിക്ക്: മുഖ്യമന്ത്രി

തിരുവനന്തപുരം: സംസ്ഥാനലോട്ടറിയുടെ വാർഷികലാഭം മുഴുവൻ സർക്കാരിന്റെ ആരോഗ്യരക്ഷാ പരിപാടിക്കായി ഉപയോഗിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കേരളലോട്ടറിയുടെ സുവർണജൂബിലി ആഘോഷങ്ങളുടെ സമാപനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സംസ്ഥാനഭാഗ്യക്കുറി നറുക്കെടുപ്പ് ടി.വിയിലൂടെ തത്സമയം കാണിക്കും. വരുന്നവർഷം 10000 കോടിയുടെ മൊത്തവരുമാനം ലോട്ടറിയിൽ നിന്നുണ്ടാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. 1967ൽ ഇ.എം.എസ് മന്ത്രിസഭയാണ് ലോട്ടറി തുടങ്ങിയത്. അരനൂറ്റാണ്ടുകൊണ്ട് ലോട്ടറി വലിയ ജനകീയ പ്രസ്ഥാനമായി. കാരുണ്യ ബനവലന്റ് പദ്ധതിയിലൂടെ 1600 കോടിയുടെ ചികിത്സാസഹായം നൽകാൻ കഴിഞ്ഞു. 2.5 ലക്ഷംപേരുടെ ഉപജീവനത്തിന് കാരണമാണ് ഇന്ന് ലോട്ടറിവകുപ്പ്. ഭാഗ്യക്കുറി ജീവനക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുകയാണ് സർക്കാർ ലക്ഷ്യം. അന്യസംസ്ഥാന ലോട്ടറിവാങ്ങരുതെന്ന് ജനം തീരുമാനിക്കണം. ലോട്ടറി ഒരു സേവനമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

വ്യാജലോട്ടറികൾക്കുപിന്നിൽ ആസൂത്രിതമായ മാഫിയ പ്രവർത്തനമാണ്. അത് സർക്കാർ കണ്ടെത്തുമെന്നും മന്ത്രി തോമസ് ഐസക് പറഞ്ഞു. ചെറിയ സമ്മാനങ്ങളുടെ തുകകൂട്ടാനും വലിയ സമ്മാനങ്ങളുടെ തുക കുറയ്ക്കാനും ധാരണയായിട്ടുണ്ടെന്നും അദ്ധ്യക്ഷ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. ലോട്ടറി സുവർണജൂബിലിയുടെ ഭാഗമായി മാദ്ധ്യമസ്ഥാപനങ്ങൾക്ക് പുരസ്കാരം നൽകി. കൗമുദി ടിവിക്കുവേണ്ടി കോർപ്പറേറ്റ് മാനേജർ എ. സുധീർ കുമാർ പുരസ്കാരം ഏറ്റുവാങ്ങി. മേയർ വി.കെ. പ്രശാന്ത്, മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി എം. വി. ജയരാജൻ, കോവളം ബി. ബാബു, ലോട്ടറി സെല്ലേഴ്സ് കോൺഗ്രസ് സെക്രട്ടറി മുഹമ്മദ് റാഫി, ലോട്ടറി ട്രേഡേഴ്സ് യൂണിയൻ ജില്ലാ സെക്രട്ടറി ടി. എസ്. ബിനുകുമാർ, പുരുഷോത്തമ ഭാരതി, എം. സനൽകുമാർ തുടങ്ങിയവർ സംസാരിച്ചു.

ഗുരു ദർശനം കുരുന്നു മനസുകളിൽ എത്തിക്കണം: സ്വാമി സച്ചിദാനന്ദ

അഹമ്മദാബാദ്: ശ്രീനാരായണ ദർശനവും ചരിത്രവും കുരുന്ന് മനസുകളിലെത്തിക്കാൻ ശ്രീനാരായണ പ്രസ്ഥാനങ്ങൾ പരിശ്രമിക്കണമെന്ന് ശിവഗിരി മഠത്തിലെ സ്വാമി സച്ചിദാനന്ദ പറഞ്ഞു.

ശ്രീനാരായണ വേൾഡ് പാർലമെന്റിന്റെ ഭാഗമായി നടന്ന സ്പിരിച്വൽ കൺവെൻഷൻ അഹമ്മദാബാദ് ശ്രീനാരായണ ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മികച്ച ശ്രീനാരായണധർമ്മ പ്രചാരകന് 'ശ്രീനാരായണ ഇന്റർനാഷണൽ സേവ അവാർഡ്' നൽകാൻ മൂന്ന് ദിവസം നീണ്ടുനിന്ന ശ്രീനാരായണ വേൾഡ് പാർലമെന്റ് തീരുമാനിച്ചു. ഡൽഹിയിൽ എസ്.എൻ.ജി.സിക്ക് ലഭിച്ച സ്ഥലത്ത് നിലവിലുള്ള ഗുരുമന്ദിരത്തിന് പുറമെ ഓഡിറ്റോറിയം, ലൈബ്രറി, റിസർച്ച് സെന്റർ, ഗസ്റ്റ് ഹൗസ്, ട്രെയിനിംഗ് സെന്റർ എന്നിവ നിർമ്മിക്കുന്നതിനായി വർക്കിംഗ് കമ്മിറ്റിയെ തിരഞ്ഞെടുത്തു. വൈസ് ചെയർമാൻ വി.കെ. മുഹമ്മദ് (ഭിലായ്), അഡ്വൈസർ എസ്. സുവർണ കുമാർ (കേരളം) സീനിയർ വൈസ് പ്രസിഡന്റ് കെ.കെ. ശശിധരൻ (ഭോപ്പാൽ), കെ. ഗംഗാധരൻ (അമേരിക്ക), മോഹൻദാസ് (ഒമാൻ) എന്നിവർ പ്രസംഗിച്ചു. ബിജു പുളിക്കലേടത്ത് പ്രഭാഷണം നടത്തി. ടി.കെ. സുരേഷ് സ്വാഗതവും കെ. സോമൻ നന്ദിയും പറഞ്ഞു.

അഹമ്മദാബാദ് നറോഡയിൽ സംഘടിപ്പിച്ച ശ്രീനാരായണ വേൾഡ് ഫോറം സമ്മേളനം ശിവഗിരി മഠത്തിലെ സ്വാമി സച്ചിദാനന്ദ ഉദ്ഘാടനം ചെയ്യുന്നു. വേൾഡ് കൗൺസിൽ പ്രസിഡന്റ് കെ.ആർ.എസ്. ധരൻ, സീനിയർ വൈസ് പ്രസിഡന്റ് കെ.കെ. ശശിധരൻ, അഡ്വൈസർ എസ്. സുവർണകുമാർ, വൈസ് ചെയർമാൻ വി.കെ മുഹമ്മദ്, നറോഡ ശ്രീനാരായണ സെന്റർ പ്രസിഡന്റ് മോഹൻ കേളോത്ത്, വേൾഡ് കൗൺസിൽ ജനറൽ സെക്രട്ടറി ജി. രാജേന്ദ്രബാബു എന്നിവർ സമീപം

കെ.എസ്.ഇ.ബി പെൻഷൻകാരുടെ കഞ്ഞികുടി മുട്ടിക്കില്ല: മന്ത്രി മണി

തിരുവനന്തപുരം: കെ.എസ്.ആർ.ടി.സി പെൻഷൻകാരുടെ ഗതികേട് കെ.എസ്.ഇ.ബി ജീവനക്കാർക്കുണ്ടാകില്ലെന്ന് മന്ത്രി എം.എം.മണി. കെ.എസ്.ഇ.ബി പെൻഷനേഴ്സ് അസോസിയേഷന്റെ ചികിത്സാ ഇൻഷ്വറൻസ് പദ്ധതി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പെൻഷൻകാർ പണിവന്ന് മരിച്ചാലും സർക്കാർ പെൻഷൻ നൽകാത്തതുകൊണ്ടാണെന്നാണ് പറയുന്നത്. കെ.എസ്.ഇ.ബി.യിൽ പെൻഷൻ വിതരണം സുഗമമായി നടക്കാനുള്ള നടപടികൾ സർക്കാരിൽനിന്നുണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

വൈദ്യുതി ഭവൻ അങ്കണത്തിൽ നടന്ന ചടങ്ങിൽ അസോസിയേഷൻ പ്രസിഡന്റ് ജെ. സുധാകരൻനായർ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.ഇ.ബി. ചെയർമാൻ എൻ. എസ്. പിള്ള പങ്കെടുത്തു. സെക്രട്ടറി ബാലകൃഷ്ണൻ സ്വാഗതം പറഞ്ഞു. ഓഖിദുരിതാശ്വാസ നിധിയിലേക്ക് പെൻഷൻകാരുടെ വിഹിതമായ 19.30 ലക്ഷം രൂപ ചടങ്ങിൽ മന്ത്രിക്ക് കൈമാറി.

കെ.എസ്.ഇ.ബി പെൻഷൻകാർക്കും കുടുംബാംഗങ്ങൾക്കും രണ്ടുലക്ഷം രൂപയുടെ ചികിത്സാ സഹായം നൽകുന്നതാണ് പദ്ധതി. യുണൈറ്റഡ് ഇൻഷ്വറൻസുമായി ചേർന്നുള്ള പദ്ധതിക്ക് 10620 രൂപയാണ് വാർഷിക പ്രീമിയം. ഇത് മാസഗഡുക്കളായി അസോസിയേഷൻ നൽകും.

വിളംബരം

നിഷ് ഓൺലൈൻ സെമിനാർ 17ന്

തിരുവനന്തപുരം: നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്) 'മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ രക്ഷാകർത്താക്കളെ എങ്ങനെ സഹായിക്കാം' എന്ന വിഷയത്തിൽ ഓൺലൈൻ ബോധവത്കരണ സെമിനാർ സംഘടിപ്പിക്കുന്നു. സാമൂഹികനീതി ഡയറക്ടറേറ്റിന്റെ സഹകരണത്തോടെ 17ന് രാവിലെ 10.30ന് നിഷ് കാമ്പസിൽ നടക്കുന്ന സെമിനാറിന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ചൈൽഡ് ഡെവലപ്മെന്റ് സെന്ററിലെ ക്ലിനിക്കൽ സൈക്കോളജി കൺസൾട്ടന്റ് ഇന്ദിര നേതൃത്വം നൽകും. തത്സമയ വെബ്കോൺഫറൻസിംഗിലൂടെ സാമൂഹികനീതിവകുപ്പിന്റെ കീഴിലുള്ള എല്ലാ ജില്ലാ ശിശുസംരക്ഷണ ഓഫീസുകളിലും സെമിനാർ ലഭ്യമാകും. സെമിനാറിൽ പങ്കെടുക്കുന്നവർക്ക് ഓൺലൈനിലൂടെ വിദഗ്ധരുമായി സംശയനിവാരണത്തിനുള്ള അവസരവുമുണ്ട്. കൂടുതൽ വിവരങ്ങൾക്ക്: http://nidas.nish.ac.in/be-a-participant/

വാക് ഇൻ ഇന്റർവ്യൂ

തിരുവനന്തപുരം: കേരള സാമൂഹ്യ നീതി വകുപ്പിന്റെ നിയന്ത്രണത്തിൽ കേരള മഹിള സമഖ്യ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന മലപ്പുറം നിർഭയ ഷെൽട്ടർ ഹോമിൽ സോഷ്യൽവർക്കർ, ഫീൽഡ്‌വർക്കർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സെക്യൂരിറ്റി, അസിസ്റ്റന്റ് കെയർ ടേക്കർ തസ്തികകളിലേക്ക് നിലമ്പൂരിലെ ജില്ലാ ഓഫീസിൽ 19ന് രാവിലെ 11 മണിക്ക് വാക് ഇൻ ഇന്റർവ്യൂ നടത്തും. വിശദ വിവരങ്ങൾക്ക്: 9447111271, 9447666077.

മൂത്രക്കല്ലിന് ചികിത്സ

തിരുവനന്തപുരം: മൂത്രക്കല്ലിനും, അതിനെത്തുടർന്നുണ്ടാകുന്ന വേദന, മൂത്രക്കടച്ചിൽ എന്നിവയ്ക്കും 20-60 വയസ് പ്രായമുളളവർക്ക് തിരുവനന്തപുരം ഗവ. ആയുർവേദ കോളേജിൽ ഒ.പി. നമ്പർ ഒന്നിൽ ഗവേഷണാടിസ്ഥാനത്തിൽ ചൊവ്വ, വെള്ളി ദിവസങ്ങളിൽ രാവിലെ മുതൽ ഉച്ചയ്ക്ക് 12.30 വരെ ചികിത്സ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾ 9747388723

പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകൾ ഇന്ന് മുതൽ

തിരുവനന്തപുരം

സംസ്ഥാനത്തെ താലൂക്ക് സപ്ലൈ ഓഫീസ്/സിറ്റി റേഷനിംഗ് ഓഫീസുകളിൽ പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകൾ ഇന്നു മുതൽ സ്വീകരിക്കും. ഇക്കഴിഞ്ഞ റേഷൻ കാർഡ് പുതുക്കൽ പ്രക്രിയയിൽ ഫോട്ടോ എടുത്ത് റേഷൻ കാർഡ് പുതുക്കുവാൻ കഴിയാത്തവർ, റേഷൻകാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് ആർ.സി.എം.എസ് മരവിപ്പിച്ചതിനാൽ പുതിയ റേഷൻകാർഡിന് പകരം താൽക്കാലിക കാർഡ് ലഭിച്ചവർ, ഇതുവരെ റേഷൻകാർഡ് സ്വന്തമായി ലഭിക്കാത്തവർ എന്നിവർക്ക് ആദ്യഘട്ടത്തിൽ അപേക്ഷ നൽകാം. അപേക്ഷഫാറം സിവിൽ സപ്ലൈസ് വകുപ്പിന്റെ പോർട്ടലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിന്റെ സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, മറ്റ് അനുബന്ധ രേഖകൾ സഹിതം അപേക്ഷകൾ താലൂക്ക് സപ്ലൈ ഓഫീസുകളിൽ നൽകാം. അപേക്ഷഫാറത്തിന്റെ പകർപ്പ് എല്ലാ പഞ്ചായത്ത് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിൽ റേഷൻ കടയിലും ലഭ്യമാണ്. പുതിയ റേഷൻകാർഡ് ലഭിച്ചവർക്ക് തിരുത്തലുകൾ വരുത്തുന്നതിനും റിഡക്ഷൻ സർട്ടിഫിക്കറ്റ്, സറണ്ടർ സർട്ടിഫിക്കറ്റ് എന്നിവയ്ക്കുള്ള അപേക്ഷകളും ഒരു താലൂക്കിൽ തന്നെ രണ്ടു റേഷൻകാർഡുകളിൽ നിന്നും കുറവ് ചെയ്ത് പുതിയ റേഷൻകാർഡ് ഉണ്ടാക്കുന്നതിനുള്ള അപേക്ഷകളും രണ്ടാംഘട്ടമായി സ്വീകരിക്കും. ഇതിനുള്ള തീയതി പിന്നീട് അറിയിക്കും. www.civilsupplieskerala.gov.in ൽ അപേക്ഷ ലഭിക്കും.

പരീക്ഷ നടത്തും

2017 നവംബറിൽ നടത്തിയ ഓൺലൈൻ അപ്രന്റീസ് പരീക്ഷയിൽ പങ്കെടുക്കാത്ത ട്രെയിനികൾക്കും പരാജയപ്പെട്ട ട്രെയിനികൾക്കും രണ്ടാംഘട്ട ഓൺലൈൻ പരീക്ഷ 20, 21, 22 തീയതികളിൽ നടക്കും. തിരുവനന്തപുരം ജില്ലയിലെ സ്റ്റേറ്റ് എസ്റ്റാബ്ലിഷ്മെന്റുകളിൽ അപ്രന്റീസ് പൂർത്തിയാക്കിയവരുടെ ഹാൾ ടിക്കറ്റ് 16 മുതൽ ചാക്ക ആർ.ഐ. സെന്ററിൽ നിന്നും വിതരണം ചെയ്യും. പരീക്ഷാർത്ഥികൾ ഹാൾ ടിക്കറ്റ് വാങ്ങുന്നതിന് രണ്ട് ഫോട്ടോ കൊണ്ടുവരണം.

പരീക്ഷാഫലം

ഐ.എച്ച്.ആർ.ഡി 2017 ഡിസംബറിൽ നടത്തിയ പി.ജി.ഡി.സി.എ/ ഡി.സി.എ/ ഡി.ഡി.ടി.ഒ.എ/ സി.സി.എൽ.ഐ.സി പരീക്ഷാഫലവും മാർക്കിന്റെ വിശദാംശങ്ങളും അതത് പരീക്ഷാ കേന്ദ്രങ്ങളിൽ ലഭിക്കും. www.ihrd.ac.in ലും ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പുനർമൂല്യനിർണയത്തിനുള്ള അപേക്ഷകൾ 26 വരെ പരീക്ഷാ കേന്ദ്രങ്ങളിൽ സ്വീകരിക്കും.

യോഗം മാറ്റിവച്ചു

സിവിൽ സർവീസിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് സർവീസ് സംഘടനയുമായി 16ന് രാവിലെ 11 മണിക്ക് സെക്രട്ടേറിയറ്റിലെ സൗത്ത് കോൺഫറൻസ് ഹാളിൽ നടത്താൻ തീരുമാനിച്ചിരുന്ന ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ യോഗം മാറ്റിവച്ചു.

ഫ്ളോറൻസ് നൈറ്റിംഗേൽ പുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചു

നഴ്സിംഗ് മേഖലയിലെ (ജനറൽ ആൻഡ് പബ്ലിക് ഹെൽത്ത്) ഉദ്യോഗസ്ഥർക്കുള്ള 2018 ലെ കേന്ദ്രഗവൺമെന്റിന്റെ ഫ്ളോറൻസ് നൈറ്റിംഗേൽ പുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചു.

അപേക്ഷയുടെ മാതൃകയും തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും ജില്ലാ മെഡിക്കൽ ഓഫീസുകളിലും www.dhs.kerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

നഴ്സുമാർ, ആക്സിലറി നഴ്സ് മിഡ് വൈഫുമാർ, ലേഡി ഹെൽത്ത് ഇൻസ്പെക്ടർമാർ (പി.എച്ച്.എൻ) വിഭാഗത്തിൽപ്പെട്ടവരിൽ നിന്നുള്ള അപേക്ഷയുടെ രണ്ട് പകർപ്പുകൾ ആവശ്യമായ രേഖകൾക്കൊപ്പം 28 ന് വൈകിട്ട് അഞ്ചു മണിക്കു മുമ്പ് അഡീഷണൽ ഡയറക്ടർ (നഴ്സിംഗ്), ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം എന്ന വിലാസത്തിൽ ലഭിക്കണം. പുരസ്കാരങ്ങൾ നഴ്സസ് ദിനമായ മേയ് 12 ന് വിതരണം ചെയ്യും.

സർട്ടിഫിക്കറ്റ് ഓതന്റിക്കേഷൻ

16 ന് നോർക്കയുടെ തിരുവനന്തപുരത്തെ സെന്ററിൽ സർട്ടിഫിക്കറ്റ് ഓതന്റിക്കേഷൻ ഉണ്ടായിരിക്കുന്നതല്ല. അന്നേ ദിവസം കൊല്ലം കളക്ടറേറ്റിലെ നോർക്ക സെല്ലിൽ രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ സർട്ടിഫിക്കറ്റ് ഓതന്റിക്കേഷൻ ഉണ്ടായിരിക്കും. അപേക്ഷകർ www.norkaroots.net ൽ രജിസ്റ്റർ ചെയ്യണം.

ഇംഗ്ലീഷ് അദ്ധ്യാപക ഒഴിവ്

അരുവിക്കര ഗവ. ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ഇംഗ്ലീഷ് അദ്ധ്യാപകരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. ഹയർസെക്കന്ററി തലത്തിൽ ഇംഗ്ലീഷ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള നിർദ്ദിഷ്ട യോഗ്യത ഉണ്ടാവണം. സമാന യോഗ്യതയുള്ള വിരമിച്ച ഇംഗ്ലീഷ് അദ്ധ്യാപകർക്കും അപേക്ഷിക്കാം. നെടുമങ്ങാട് ഗവ. ടെക്നിക്കൽ ഹൈസ്കൂളിൽ 17ന് രാവിലെ 11 മണിക്ക് ഇന്റർവ്യൂ നടത്തും. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളും അവയുടെ പകർപ്പും ബയോഡേറ്റായും സഹിതം സ്കൂളിൽ കൃത്യസമയത്ത് നേരിട്ടെത്തണം. ഫോൺ: 9400006460

സൗദിയിൽ നഴ്സുമാരുടെ 30 ഒഴിവുകൾ

സൗദി അറേബ്യയിലെ ഡോ. സോളിമാൻ ഫകീഹ് ആശുപത്രിയിലേക്ക് നഴ്സുമാരെ തിരഞ്ഞെടുക്കുന്നു. ബി.എസ്‌സി നഴ്സിംഗ് യോഗ്യതയും രണ്ടുവർഷത്തെ പ്രവൃത്തിപരിചയവും ഉള്ള വനിതകൾക്ക് അപേക്ഷിക്കാം. ഒഴിവുകൾ 30. പ്രായം 40ൽ താഴെ. 22നു മുൻപ് www.norkaroots.net എന്ന വെബ്സൈറ്റിലെ ലിങ്ക് മുഖേന അപേക്ഷിക്കണം.

സർവകലാശാല വാർത്തകൾ

കേരള
www.keralauniversity.ac.in

എം.സി.എ ടൈംടേബിൾ

ഫെബ്രുവരിയിൽ ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.സി.എ 2015 സ്കീം (റഗുലർ ആൻഡ് സപ്ലിമെന്ററി) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സ്

തുടർ വിദ്യാഭ്യാസ വിഭാഗം (CACEE) കാഞ്ഞിരംകുളം കെ.എൻ.എം ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിൽ ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് (സി.എൽ.ഐ.എസ്‌സി - ആറ് മാസം) കോഴ്സിന് അപേക്ഷിക്കുന്നതിനുള്ള തീയതി 20 വരെ നീട്ടി. അപേക്ഷാഫോറം കോളേജിലെ തുടർ വിദ്യാഭ്യാസ ഓഫീസിൽ നിന്നും ലഭിക്കും. ഫോൺ: 9447713320.

ബി.എ പ്രാക്ടിക്കൽ പരീക്ഷ മാറ്റി

തിരുവനന്തപുരം ഗവൺമെന്റ് വിമൻസ് കോളേജിൽ വച്ച് 15, 16 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന അഞ്ചാം സെമസ്റ്റർ ബി.എ മ്യൂസിക് പരീക്ഷയുടെ പ്രാക്ടിക്കൽ സ്ഫെബ്രുവരി 20, 21 തീയതികളിലേയ്ക്ക് മാറ്റി.

ബി.എ.എസ്.എൽ.പി പരീക്ഷ

മാർച്ച് 13 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ബി.എ.എസ്.എൽ.പി പഴയ സ്കീം ഡിഗ്രി പരീക്ഷയ്ക്ക് പിഴകൂടാതെ 19, 50 രൂപ പിഴയോടെ 21, 125 രൂപ പിഴയോടെ 23 വരെ അപേക്ഷിക്കാം.

സൂക്ഷ്മ പരിശോധന

ബി.എ ഒന്നാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്കുവേണ്ടി ഓൺലൈനായും ഓഫ്‌ലൈനായും അപേക്ഷിച്ചിട്ടുള്ളവർ തിരിച്ചറിയൽ രേഖയും ഹാൾടിക്കറ്റുമായി റീവാല്യുവേഷൻ സെക്ഷനിൽ 16 മുതൽ 28 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകണം.

എം.എസ്‌സി ഫലം

നാലാം സെമസ്റ്റർ എം.എസ്‌സി കൗൺസിലിംഗ് സൈക്കോളജി ഫലം വെബ്സൈറ്റിൽ.

എം.ജി
www.mgu.ac.in

വൈവാവോസി

നാലാം സെമസ്റ്റർ എം.എ പൊളിറ്റിക്കൽ സയൻസ് (പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷയുടെ വൈവാവോസി 21 ന് സിൽവർ ജൂബിലി പരീക്ഷാഭവനിലെ 201-ാം നമ്പർ മുറിയിൽ നടത്തും.

എം.ഫിൽ പ്രവേശന റാങ്ക്‌ലിസ്റ്റ്

സ്കൂൾ ഒഫ് മാനേജ്മെന്റ് ആൻഡ് ബിസിനസ് സ്റ്റഡീസിൽ 2017-2018 എം.ഫിൽ ബാച്ച് അഡ്മിഷനുവേണ്ടി നടത്തിയ പ്രവേശന പരീക്ഷയിൽ യോഗ്യരായവരുടെ റാങ്ക്‌ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി.

പിഎച്ച്.ഡി നൽകി

കൊമേഴ്സിൽ എൻ. ഡീന്റോയ്, രജനി ബി. ഭട്ട് എന്നിവർക്കും ഇംഗ്ലീഷിൽ വി.എസ്. ജയിൻലാലിനും മലയാളത്തിൽ ബോബി ചാക്കോയ്ക്കും പി എച്ച്.ഡി നൽകാൻ തീരുമാനിച്ചു.

പരീക്ഷാഫലം

നാലാം സെമസ്റ്റർ ബി.എസ്‌സി കളിനറി ആർട്സ് ആൻഡ് കാറ്ററിംഗ് ടെക്നോളജി (മോഡൽ ക - സി.ബി.സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 28 വരെ അപേക്ഷിക്കാം.

ഒന്നാം സെമസ്റ്റർ എം.ടി.എ (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 28 വരെ അപേക്ഷിക്കാം.

മൂന്നും നാലും സെമസ്റ്റർ ബി.കോം (പ്രൈവറ്റ്) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 28 വരെ അപേക്ഷിക്കാം.

ഒന്നാം സെമസ്റ്റർ എം.എസ്‌സി ബയോകെമിസ്ട്രി (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും 28 വരെ അപേക്ഷിക്കാം.

രണ്ടാം സെമസ്റ്റർ എം.എസ്‌സി എൻവയോൺമെന്റ് സയൻസ് ആൻഡ് മാനേജ്മെന്റ് (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 28 വരെ അപേക്ഷിക്കാം.

ഓൺലൈൻ ചോദ്യപേപ്പർ ഡൗൺലോഡിംഗ്

21 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ പി.ജി (സി.എസ്.എസ്.) പരീക്ഷയുടെ മാതൃകാ ഓൺലൈൻ ചോദ്യപേപ്പർ ഡൗൺലോഡിംഗ് 19ന് ഉച്ചയ്ക്ക് 1 മണിക്ക് നടത്തും. ട്രയൽ റണ്ണിനുവേണ്ട സജ്ജീകരണങ്ങൾ ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർ ഏർപ്പെടുത്തണം. പ്രിൻസിപ്പൽമാരുടെ ഐ,ഡി. മൊബൈൽ നമ്പർ, ഇ-മെയിൽ വിലാസം എന്നിവയിൽ മാറ്റങ്ങളുണ്ടെങ്കിൽ പരീക്ഷാവിഭാഗം അസിസ്റ്റന്റ് രജിസ്ട്രാറെ രേഖാമൂലം 17ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് മുമ്പായി അറിയിക്കണം. എല്ലാ ബിരുദാനന്തരബിരുദ പരീക്ഷാകേന്ദ്രങ്ങളുടെയും പ്രിൻസിപ്പൽമാർ മാതൃകാ ചോദ്യപേപ്പർ ഡൗൺലോഡിംഗിൽ പങ്കെടുക്കണം. ഹെൽപ്പ്‌ലൈൻ നമ്പരുകൾ: 0481 - 2731011, 27033470, 2733471, 2733467, ഇ-മെയിൽ: ar21exams@mgu.ac.in

കാലിക്കറ്റ്
www.universityofcalicut.info

സൗജന്യ ക്രിയേറ്റീവ് പെയിന്റിംഗ് പരിശീലനം

ലൈഫ്‌ലോംഗ് ലേണിംഗ് പഠനവകുപ്പിൽ സ്ത്രീകൾക്കായി ക്രിയേറ്റീവ് പെയിന്റിംഗിൽ പത്ത് ദിവസത്തെ പരിശീലനം ആരംഭിക്കുന്നു. കാൻവാസ്, പോട്ട്, പേപ്പർ എന്നിവയിൽ വൺസ്ട്രോക്ക്, ഫ്രീസ്റ്റൈൽ പെയിന്റിംഗ് എന്നിവയിലാണ് പരിശീലനം. മാർച്ച് ആദ്യവാരത്തിൽ ആരംഭിക്കും. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് പ്രവേശനം. വിവരങ്ങൾക്ക്: 0494 2407360.

പരീക്ഷാ അപേക്ഷ

അഫിലിയേറ്റഡ് കോളേജുകളിലെ (സി.യു.സി.ബി.സി.എസ്.എസ്) ആറാം സെമസ്റ്റർ ബി.എ/ ബി.എസ്‌സി /ബി.എസ്‌സി ഇൻ എൽ.ആർ.പി/ ബി.കോം/ ബി.കോം ഓണേഴ്സ്- സി.സി.എസ്.എസ്/ ബി.കോം വൊക്കേഷണൽ/ ബി.ബി.എ/ ബി.ടി.എച്ച്.എം/ ബി.എച്ച്.എ/ ബി.എം.എം.സി/ ബി.സി.എ/ ബി.എസ്.ഡബ്ല്യൂ/ ബി.വി.സി/ ബി.എ അഫ്സൽ-ഉൽ-ഉലമ റഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് പിഴകൂടാതെ 23 വരെയും 150 രൂപ പിഴയോടെ 27 വരെയും അപേക്ഷിക്കാം. പരീക്ഷ മാർച്ച് 20-ന് ആരംഭിക്കും.

പരീക്ഷ

ഒന്നാം സെമസ്റ്റർ എം.എസ്‌സി റേഡിയേഷൻ ഫിസിക്സ് റഗുലർ/ സപ്ലിമെന്ററി പരീക്ഷ മാർച്ച് രണ്ടിന് ആരംഭിക്കും.

പരീക്ഷാഫലം

നാലാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (ഹിയറിംഗ് ഇംപയേർഡ്) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിന് 28 വരെ അപേക്ഷിക്കാം.